## തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

**സംഗ്രഹം**

സ്ഥിരനിക്ഷേപങ്ങൾ പുനർനിക്ഷേപം ചെയ്യുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ROC.275/05/BUD.** നന്തൻകോട്, തീയതി: 13 /10/2026

പരാമർശം:- **18/09/2026-ലെ ROC.1171/24/ACC** നമ്പർ ബോർഡ് ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ ആഫീസുകളിൽ പരിപാലിച്ചുവരുന്ന സ്ഥിരനിക്ഷേപങ്ങൾ അതത് ബാങ്കിൽ തന്നെ പരമാവധി പലിശ ലഭിക്കും വിധം പുനർനിക്ഷേപിക്കുന്നതിന്റെ പരിധി ചുവടെ വിവരിക്കും പ്രകാരം വർദ്ധനവ് വരുത്തി ബന്ധപ്പെട്ട ഓഫീസ് മേധാവികളെ ചുമതലപ്പെടുത്തി പരാമർശം പ്രകാരം ബോർഡ് ഉത്തരവായിട്ടുള്ളതാണ്.

| | |
|---|---|
| അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ / ബന്ധപ്പെട്ട ഓഫീസ് മേധാവി | ഒരു ലക്ഷം രൂപ വരെ |
| ദേവസ്വം കമ്മീഷണർ | ഒരു ലക്ഷത്തിനുമുകളിൽ ഒരു കോടിയ്ക്ക് താഴെ |
| ബോർഡ് | ഒരു കോടി മുതൽ മുകളിലേയ്ക്ക് |

കൂടാതെ, ദേവസ്വം കമ്മീഷണറുടെ പേരിലുള്ള സർപ്ലസ് ഫണ്ട്, കോമ്പൗണ്ടിലെ വിവിധ ഓഫീസുകളിലെ സ്ഥിര നിക്ഷേപങ്ങൾ എന്നിവ നിലവിലെ ക്രമപ്രകാരം അതത് ഓഫീസുകളിൽ നിന്നു തന്നെ ബോർഡുത്തരവ് ലഭ്യമാക്കി പുനർനിക്ഷേപിക്കുന്നതിനും അനുവദിച്ചും ഉത്തരവായിട്ടുള്ളതാണ്.

ടി ബോർഡുത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നതിന് എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫെയർ ഓഫീസ് കോപ്പി

AR.06/10